II ഇ.ബി. XIV - കേരള നിയമസഭ/XIX-5

**പതിനാലാം കേരള നിയമസഭ**

പത്തൊമ്പതാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2020 മാർച്ച് 11, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

13 (*181) ചെറുകിട-ഇടത്തരം വ്യവസായങ്ങളും സംരംഭങ്ങളും

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ച് പരമാവധി തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും 2020 ജനുവരി 31-വരെ അത്തരം 54420 വ്യവസായ യൂണിറ്റുകൾ ആരംഭിച്ചതിലൂടെ 4953.69 കോടി രൂപയുടെ നിക്ഷേപവും നിരവധി തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. തദ്ദേശ സ്ഥാപനങ്ങൾ, മറ്റ് ഏജൻസികൾ എന്നിവരുടെ കൈവശമുള്ള ഭൂമിയിൽ വ്യവസായ പാർക്കുകൾ/എസ്റ്റേറ്റുകൾ എന്നിവ

വികസിപ്പിക്കുന്നതിനായി പി.പി.പി. മാതൃകയിൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകൾ/അനുമതികൾ അപേക്ഷിച്ച് 30 ദിവസത്തിനകം ലഭിക്കുന്നതിലേയ്ക്കായി ഏകജാലക സംവിധാനം (K-SWIFT) നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്തതും 10 കോടി രൂപവരെ നിക്ഷേപമുള്ളതുമായ വ്യവസായങ്ങളെ മൂന്ന് വർഷത്തേയ്ക്ക് നിയമപ്രകാരമുള്ള അനുമതികളിൽനിന്ന് ഒഴിവാക്കിയിട്ടുണ്ടെന്നും സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രത്തിന്മേൽ ജില്ലാ ഏക ജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾക്ക് ദേശീയ/അന്തർദ്ദേശീയ വിപണി കണ്ടെത്തുന്നതിന് പരിശ്രമിക്കുമെന്നും വ്യവസായ വികസനത്തിന് ആധുനിക സാങ്കേതികവിദ്യകൾ ഉപയുക്തമാക്കുമെന്നും പരമ്പരാഗതമേഖലയിലെ ഗുണമേന്മയുള്ള ഉത്പന്നങ്ങൾക്ക് സ്ഥിരം പ്രദർശന വിപണന സമുച്ചയം ആരംഭിക്കുന്ന കാര്യം പരിഗണനയിലാണെന്നും തകർച്ച നേരിടുന്ന വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനോടൊപ്പം സ്വകാര്യ-പൊതുമേഖലാ

വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

14 (*182 ) ദേവസ്വം നിയമനങ്ങളിലെ സംവരണം

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടിയിൽ, അർഹത മാനദണ്ഡമാക്കിയും സംവരണതത്വം പാലിച്ചുകൊണ്ടും പട്ടികജാതി-പട്ടികഗോത്രങ്ങളിൽപ്പെട്ടവരെയുൾപ്പെടെ നിരവധിപേരെ തിരുവിതാംകൂർ/ കൊച്ചിൻ ദേവസ്വം ബോർഡുകളിൽ ശാന്തി തസ്തികയിൽ നിയമിച്ചിട്ടുള്ളതായും തിരുവിതാംകൂർ ദേവസ്വം ബോർഡിലെ റാങ്ക് പട്ടികയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ മതിയായ ഉദ്യോഗാർത്ഥികൾ ഇല്ലാത്തതിനാൽ ഈ വിഭാഗത്തിലെ 18 ഒഴിവുകളിലേയ്ക്ക് വീണ്ടും അപേക്ഷ ക്ഷണിച്ചുകൊണ്ട് പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് തീരുമാനമെടുത്തിട്ടുള്ളതായും സഭയെ അറിയിച്ചു. മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ആറ് ഉദ്യോഗാർത്ഥികൾക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എൽ.ഡി. ക്ലാർക്ക്/സബ് ഗ്രൂപ്പ് ഓഫീസർ ഗ്രേഡ് II തസ്തികയിലേയ്ക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. മൂന്നംഗ ബോർഡായി

പുനഃസംഘടിപ്പിച്ചതിനുശേഷം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികൾക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുന്നതിനുൾപ്പെടെ 'ദേവജാലിക' സോഫ്റ്റ്വെയർ നടപ്പിലാക്കിക്കൊണ്ട് റിക്രൂട്ട്മെന്റ് അനായാസകരവും സുതാര്യവുമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുവിതാംകൂർ/കൊച്ചിൻ ദേവസ്വം ബോർഡുകളിലെ വിവിധ തസ്തികകളിലേയ്ക്ക് റാങ്ക് ലിസ്റ്റിൽനിന്നും നിയമനങ്ങൾ നടന്നുവരുന്നുണ്ടെന്നും ഗുരുവായൂർ ദേവസ്വത്തിലെ 21 തസ്തികകളിലേയ്ക്കുള്ള നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ നടപടികൾ നടന്നുവരികയാണെന്നും ദേവസ്വം ബോർഡിലെ ആശ്രിത നിയമനം ആലോചനാവിഷയമാണെന്നും മന്ത്രി അറിയിച്ചു. മുന്നാക്കവിഭാഗങ്ങളിലെ പിന്നാക്കം നിൽക്കുന്നവരുടെ നിയമനകാര്യത്തിൽ സാമ്പത്തിക സംവരണ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്നും പട്ടികജാതിക്കാരായിട്ടുള്ള ശാന്തിമാരോടും മറ്റു ക്ഷേത്ര ജീവനക്കാരോടും മോശം പെരുമാറ്റമുണ്ടായതായ പരാതികളിന്മേൽ കർശന നിലപാട് സ്വീകരിച്ചതായും ശബരിമല ഇടത്താവളം സംബന്ധിച്ച പദ്ധതികൾ പുന:ക്രമീകരിച്ച് ഭരണാനുമതി നൽകിയിട്ടുള്ളതും കിഫ്ബിയുടെ

അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണെന്നും ദേവസ്വം ബോർഡിന്റെ കീഴിലുള്ള എയ്ഡഡ് കോളേജുകളിലെ നിയമന സംവരണം പരിശോധനാവിധേയമാക്കേണ്ടതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

15(*183) <u>ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനം</u>

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ കൃത്യസമയങ്ങളിൽ അവലോകനം ചെയ്യുന്നുണ്ടെന്നും രജിസ്റ്റർ ചെയ്ത യൂണിറ്റുകളെ ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് പ്രാമുഖ്യം നൽകുന്നതെന്നും സഭയെ അറിയിച്ചു. തദ്ദേശീയരെ ടൂറിസം മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധിപ്പിച്ച് അധിക തൊഴിലും വരുമാനവും ലഭ്യമാക്കുക, കേരളത്തിന്റെ സാംസ്കാരിക തനിമ, തനത് ജീവിത രീതി, ഗ്രാമീണാന്തരീക്ഷം, തൊഴിൽ, കലാരൂപങ്ങൾ, ആഘോഷങ്ങൾ, ഭക്ഷണവിഭവങ്ങൾ എന്നിവ വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുക, ടൂറിസം കേന്ദ്രങ്ങൾ മാലിന്യ വിമുക്തമാക്കുക എന്നിവയാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന

പ്രവർത്തനങ്ങളെന്നും ടൂറിസം യൂണിറ്റുകളുമായി നെറ്റ്‌വർക്ക് ചെയ്യുന്നതിന് സംരംഭകരുടെ ജില്ലാതല യോഗങ്ങൾ നടന്നുവരുന്നുണ്ടെന്നും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോട്ടയം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ യോഗങ്ങൾ പൂർത്തിയായിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. പ്രദർശന വിപണന മേളകളിൽ സ്റ്റാളുകൾ ഒരുക്കിക്കൊണ്ട് യൂണിറ്റുകളുടെ പ്രചാരണത്തിനും ഉൽപ്പന്ന വിപണനത്തിനും വഴിയൊരുക്കിയിട്ടുണ്ട്. മധ്യപ്രദേശിൽ ഉത്തരവാദിത്ത ടൂറിസം ആരംഭിക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടെന്നും ഭിന്നശേഷി സൗഹൃദ ടൂറിസം പ്രവർത്തനങ്ങളും പരിസ്ഥിതി സൗഹൃദ ടൂറിസം പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്നുണ്ടെന്നും ഗ്രാമീണ ഭക്ഷണ രീതി ആസ്വദിക്കാൻ പ്രത്യേക പദ്ധതിയും പാക്കേജും നടപ്പിലാക്കിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1974 മുതൽ 2278 വരെയുള്ള ചോദ്യങ്ങളിൽ 55 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)